# കുടുംബശ്രീ
# സംഘടന

# കുടുംബശ്രീ സംഘടന

1. 1998–ൽ കുടുംബശ്രീ – സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ രൂപീകരിച്ചു.
2. 2002–ൽ മുഴുവൻ ഗ്രാമ പഞ്ചായത്തുകളിലും കുടുംബശ്രീ സംഘടനാ സംവിധാനം രൂപീകരിച്ച് പ്രവർത്തന സജ്ജമാക്കി.
3. 2006 ഡിസംബർ–2007 ജനുവരിയിൽ മുഴുവൻ ഗ്രാമപഞ്ചായത്ത്/നഗരസഭാ ജനപ്രതിനിധികൾക്കും, സിഡിഎസ് ഭാരവാഹികൾക്കും സംഘടനാ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള പ്രത്യേക പരിശീലനം സംഘടിപ്പിച്ചു.
4. പതിനൊന്നാം പദ്ധതി രൂപീകരണ പ്രവർത്തനങ്ങളിൽ കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ പങ്കാളിത്തം ഫലപ്രദമാക്കുന്നതിനുള്ള പരിശീലനങ്ങൾ സംഘടിപ്പിച്ചു.

# കുടുംബശ്രീ സംഘടന...

5. 2007 – 08 കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനങ്ങളുടെ ധന വിനിയോഗം ചിട്ടപ്പെടുത്തുന്നതിനും, ഓഡിറ്റിംഗിനുമായി കുടുംബശ്രീ ഓഡിറ്റിംഗ് & അക്കൗണ്ടിംഗ് സൊസൈറ്റികളെ വിപുലീകരിച്ചു. ഓഡിറ്റ് മാർഗ്ഗ രേഖ വികസിപ്പിച്ചു.
6. 2007– 08 ൽ മുഴുവൻ ഗ്രാമ പഞ്ചായത്തുകളിലേയും കുടുംബശ്രീ പ്രവർത്തനത്തിന്റെ ശക്തിയും, പരിമിതിയും വിലയിരുത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ സംഘടനാ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള പ്രത്യേക കർമ്മപരിപാടി തയ്യാറാക്കി നടപ്പിലാക്കി.

# കുടുംബശ്രീ സംഘടന...

7. 2007–08 ൽ പട്ടികജാതി പട്ടികവർഗ്ഗ ജന വിഭാഗങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുള്ള പ്രത്യേക പ്രവർത്തന പരിപാടി സംഘടിപ്പിച്ചു.
8. കുടുംബശ്രീ പത്താം വാർഷിക ആഘോഷങ്ങളോടനുബന്ധിച്ച് ലഘു സമ്പാദ്യവായ്പാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് അയൽക്കൂട്ട–എഡിഎസ്–സിഡിഎസ് തലങ്ങളിൽ ചർച്ചകളും പരിശീലനങ്ങളും സംഘടിപ്പിച്ചു.
9. കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനങ്ങളുടെ കെട്ടുറപ്പ് ഉറപ്പാക്കുന്ന വിധം ബൈലോ പരിഷ്കരിച്ചു.
10. 2002 നു ശേഷം ഭൂരിപക്ഷം സിഡിഎസുകളും, എഡിഎസ്, അയൽക്കൂട്ട സംവിധാനങ്ങളും രജിസ്ട്രേഷൻ/അഫിലിയേഷൻ പുതുക്കിയിരുന്നില്ല. ഇത് പരിഹരിക്കുന്നതിന് 2008 ഒക്ടോബറിൽ സമയബന്ധിതമായ കർമ്മപരിപാടി നടപ്പാക്കി.

# കുടുംബശ്രീ സംഘടന...

11. പുതിയ ബൈലോ, തെരഞ്ഞെടുപ്പ് ചട്ടം എന്നിവയെ അടിസ്ഥാനമാക്കി കുടുംബശ്രീയുടെ മുഴുവൻ ഭരണസമിതി അംഗങ്ങൾക്കും പ്രത്യേക പരിശീലനങ്ങൾ സംഘടിപ്പിച്ചു.
12. സ്വതന്ത്രമായ തെരഞ്ഞെടുപ്പ് സംവിധാനം ആവിഷ്കരിച്ച് തെരഞ്ഞെടുപ്പ് സമയബന്ധിതമായി പൂർത്തീകരിച്ചു.
13. തെരഞ്ഞെടുക്കപ്പെട്ട പുതിയ സിഡിഎസ്, എഡിഎസ്, അയൽക്കൂട്ട ഭാരവാഹികൾക്ക് പരിശീലനം നൽകി.

# കുടുംബശ്രീ സംഘടന...

14. സാമ്പത്തിക വിനിയോഗത്തിന്റെ സുതാര്യത ഉറപ്പുവരുത്തുന്നതിനുള്ള ഇന്റേണൽ ഓഡിറ്റിംഗ് സംവിധാനം രൂപപ്പെടുത്തി.
15. മുഴുവൻ പഞ്ചായത്ത് സിഡിഎസ് ഭാരവാഹികൾക്കും പ്രാദേശിക സാമ്പത്തിക വികസനത്തിൽ പരിശീലനം നൽകുകയും പ്രാദേശിക സാമ്പത്തിക രജിസ്റ്റർ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും തയ്യാറാക്കുകയും ചെയ്തു.
16. ഗ്രാമ പഞ്ചായത്ത്–നഗരസഭാ അദ്ധ്യക്ഷരുടെ പ്രത്യേക മേഖലാ കൺവെൻഷനുകളിൽ കുടുംബശ്രീ സംഘടനാ സംവിധാനത്തെ വ്യവസ്ഥാപിതമാക്കുന്നതിനുള്ള കർമ്മപരിപാടി രൂപപ്പെടുത്തി.

# കുടുംബശ്രീ സംഘടന...

17. കുടുംബശ്രീ സംഘടനാ സംവിധാനത്തെ സുസ്ഥിരവും വ്യവസ്ഥാപിതവുമാക്കുന്നതിന് 2009 ജനുവരി-മാർച്ച് പ്രത്യേക ക്യാമ്പയിൻ സംഘടിപ്പിച്ചു.
18. സിഡിഎസ് ആക്ഷൻ പ്ലാൻ രൂപീകരണത്തിന് പുതിയ രീതിശാസ്ത്രവും, മാർഗ്ഗരീതിയും ആവിഷ്കരിച്ച് നടപ്പിലാക്കി.
19. കുടുംബശ്രീ വിലയിരുത്തൽ സമിതികളുടെ പ്രവർത്തനം വ്യവസ്ഥാപിതമാക്കുന്നതിന് പ്രത്യേക പരിശീലനപരിപാടികൾ സംഘടിപ്പിച്ചു.
20. പുതിയ സിഡിഎസ് ഭാരവാഹികൾക്ക് ഭരണസമതി പ്രവർത്തനത്തിനുള്ള വൈദഗ്ദ്ധ്യം വികസിപ്പിക്കുന്നതിനുള്ള പ്രത്യേക പരിശീലനം നടന്നു.
21. നിലവിലുള്ള എം.ഐ.എസ്സിന്റെ അപാകതകൾ പരിഹരിക്കുന്നതിനായി പ്രത്യേക ഫോർമാറ്റുകൾ വികസിപ്പിക്കുകയും ഓൺലൈൻ റിപ്പോർട്ടിംഗ് സിസ്റ്റം വികസിപ്പിക്കുകയും ചെയ്തു.

## കുടുംബശ്രീ സംഘടന...

22. ജില്ലാ തലത്തിൽ കുടുംബശ്രീ സംഘടനാ സംവിധാന ത്തിന് പിന്തുണ നൽകുന്നതിന് റിസോഴ്സ് ടീമുകൾ രൂപീ കരിച്ചു.
23. സിഡിഎസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഭരണനിർവ്വഹണ ഗ്രാന്റ് 2008–09 മുതൽ ലഭ്യമാക്കി തുടങ്ങി
24. സിഡിഎസ് ചെയർപേഴ്സൺമാർക്ക് നൽകിവന്നിരുന്ന ഹോണറേറിയം വർദ്ധിപ്പിച്ചു
25. കുടുംബശ്രീ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും ഭാവി കർമപദ്ധതികൾ രൂപപ്പെടുത്തുന്നതിനുമായി സംസ്ഥാനവ്യാപകമായി 2014 ജനുവരി 26ന് റിപ്പബ്ളിക് ദിന അയൽക്കൂട്ട സമാഗമം സംഘടിപ്പിച്ചു.

# കുടുംബശ്രീ സംഘടന...

26. 20 ലക്ഷം കുടുംബശ്രീ വനിതകൾ കുടുംബശ്രീ പ്രവർത്തനം അവരുടെ ജീവിതത്തിൽ വരുത്തിയ മാറ്റങ്ങളെക്കുറിച്ച് എഴുതുകയും 1072 പുസ്തകങ്ങളിലായി തെരഞ്ഞെടുത്ത ഒരു ലക്ഷം അനുഭവക്കുറിപ്പുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തു.
27. ദേശീയ ഉപജീവന മിഷന് 7 വർഷത്തേയ്ക്ക് 1160 കോടി രൂപയുടെ പദ്ധതി സമർപ്പിച്ച് അംഗീകാരം നേടി.
28. കുടുംബശ്രീ മാതൃകയിലുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് മറ്റു സംസ്ഥാനങ്ങളെ സഹായിക്കുന്നതിനായി ദേശീയ ഉപജീവന മിഷൻ കുടുംബശ്രീയെ നാഷണൽ റിസോഴ്സ് ഓർഗനൈസേഷനായി അംഗീകരിച്ചു.

# കുടുംബശ്രീ സംഘടന...

29. ദേശീയ മഹിളാ കിസാൻ സശാക്തീകരൺ പരിയോജന പദ്ധതിയിലൂടെ കുടുംബശ്രീ സംഘകൃഷി മെച്ചപ്പെടുത്താൻ കേന്ദ്രസർക്കാരിന്റെ അനുമതി നേടുകയും പദ്ധതി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

30. ഇതിലൂടെ 10,000 മാസ്റ്റർ ഫാർമേഴ്സിനെ (സ്ത്രീകൾ) കണ്ടെത്തി കാർഷിക പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകാൻ നിയോഗിച്ചു. ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ തുടങ്ങാൻ നടപടി സ്വീകരിച്ചു.

31. എൻയുഎൽഎം പദ്ധതി മുഴുവൻ നഗരസഭകളിലും ആരംഭിച്ചു.

# കുടുംബശ്രീ സംഘടന...

32. അയൽക്കൂട്ടങ്ങളെ സ്വയം വിലയിരുത്തുന്നതിനും അയൽക്കൂട്ട പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ദിശ 2017 എന്ന വിപുലമായ ക്യാമ്പെയിൻ കുടുംബശ്രീ സംഘടിപ്പിച്ചു.

33. 2017 ജനുവരി 28–ന് കേരളത്തിലെ 2,51,848 അയൽക്കൂട്ടങ്ങൾ ഏകദിന സ്വയം നവീകരണത്തിന്റെയും സ്വയം വിലയിരുത്തലിന്റേയും ഭാഗമായി.

34. ദിശ ക്യാമ്പയിനിൽ മുഖ്യമന്ത്രിയടക്കം 11 മന്ത്രിമാരും 8 എം.പിമാരും 84 എം.എൽ.എ.മാരും പങ്കെടുത്തു. ക്യാമ്പെയിന്റെ ഭാഗമായി 9,068 പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു.

35. പൊതുധാരാ അയൽക്കൂട്ടങ്ങൾക്കൊപ്പം ശാരീരിക മാനസിക ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുടുംബങ്ങൾ, ട്രാൻസ്ജെന്റർ ജനവിഭാഗങ്ങൾ, വയോജനങ്ങൾ എന്നിവരുടെ പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു.

# കുടുംബശ്രീ സംഘടന...

36. തീരദേശ പഞ്ചായത്തുകളിലെ തീരദേശ വാർഡുകളിലെ കുടുംബശ്രീ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തി ഈ മേഖലയിലെ സ്ത്രീകളുടെയും കുട്ടികളുടെയും പൊതു ജീവിതനിലവാരമുയർത്തുന്നതിനും ഉപജീവന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഈ മേഖലയിൽ അനുഭവസമ്പത്തുള്ള സേവനം പ്രയോജനപ്പെടുത്തുന്നതിനായി 81 തീരദേശ പഞ്ചായത്തുകളിൽ തീരദേശ കമ്മ്യൂണിറ്റി വോളണ്ടിയർമാരെ നിയമിച്ചു.

37. സമന്വയം 2017 : ത്രിതല പഞ്ചായത്തുകൾ, കുടുംബശ്രീ സംഘടനാ സംവിധാനം, മറ്റു വകുപ്പുകൾ, ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ സമന്വയിച്ചുള്ള പ്രവർത്ത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള ഊർജ്ജം പകരുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ പഞ്ചായത്ത് പ്രസിഡന്റുമാർ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ/ചെയർമാന്മാർ, സിഡിഎസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവരുടെ സംയുക്ത ദ്വിദിന റെസിഡൻഷ്യൽ പരിശീലനം പൂർത്തീകരിച്ചു.

# കുടുംബശ്രീ സംഘടന...

38. കുടുംബശ്രീ ഇന്ന് നേരിടുന്ന വെല്ലുവിളികളെയും പരിമിതികളെയും മറികടക്കുന്നതിനും പ്രവർത്തനങ്ങൾ പുനർ നിർണ്ണയം നടത്തുന്നതിനും വേണ്ടി വിപുലമായ സമൂഹാധിഷ്ഠിത സ്വയം പഠന പ്രക്രിയ (കുടുംബശ്രീ സ്കൂൾ) നടപ്പിലാക്കി. 1,19,124 അധ്യാപകർ അയൽക്കൂട്ട തലത്തിൽ പരിശീലനം നൽകി.

39. ഇയർ ഓഫ് എൻ.എച്ച്.ജി. ക്യാമ്പെയിൻ : അയൽക്കൂട്ടതല പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയുള്ള ക്യാമ്പെയിൻ

- ഇനിയും അംഗമാകാത്ത മുഴുവൻ പാവപ്പെട്ടവരെയും അയൽക്കൂട്ടങ്ങളിൽ അംഗമാക്കുക
- അയൽക്കൂട്ടങ്ങളുടെ ലഘുസമ്പാദ്യ വായ്പ പ്രവർത്തനങ്ങൾ ഡിജിറ്റലൈസ് ചെയ്യുക
- എ.ഡി.എസ്സിനെ ഒരു റിസോഴ്സ് സെന്ററാക്കി മാറ്റുക
- കുടുംബശ്രീയുടെ എം.ഐ.എസ്സ്. ശക്തിപ്പെടുത്തി ഡാറ്റയുടെ കൃത്യത ഉറപ്പുവരുത്തുക,
- അയൽക്കൂട്ടങ്ങളിലെ രജിസ്റ്ററുകളും രേഖകളും എഴുതി സൂക്ഷിക്കുന്നതിനാവശ്യമായ പരിശീലനങ്ങൾ
- അയൽക്കൂട്ട/സി.ഡി.എസുകളുടെ ഗ്രേഡേഷനും വിലയിരുത്തലും
- അയൽക്കൂട്ടതല മൈക്രോ ലെവൽ പ്ലാൻ/സി.ഡി.എസ്. ആക്ഷൻ പ്ലാൻ തയ്യാറാക്കൽ

## കുടുംബശ്രീ സംഘടന...

### *ചർച്ച ചെയ്യേണ്ടവയിൽ ചിലത്*

- ഇനിയും കുടുംബശ്രീയിൽ അംഗമാത്തവർ
- എ.ഡി.എസ്സ്. ശക്തമാകേണ്ടതുണ്ട്
- കുടുംബശ്രീ ബൈലോ എന്തെങ്കിലും മാറ്റങ്ങൾ – ഒരു കുടുംബത്തിൽ നിന്നും രണ്ടു പേര് എന്ന ആശയം – ഗുണങ്ങളും ദോഷങ്ങളും
- കുടുംബശ്രീയുടെ നിലവിലുള്ള തെരെഞ്ഞെടുപ്പ് രീതി ചട്ടം എന്നിവയിൽ എന്തെങ്കിലും മാറ്റങ്ങൾ ആവശ്യമുണ്ടോ?

## കുടുംബശ്രീ സംഘടന...

### *ചർച്ച ചെയ്യേണ്ടവയിൽ ചിലത്*

- കുടുംബശ്രീ മെമ്പർ സെക്രട്ടറിയുടെ ഉത്തരവാദിത്വങ്ങൾ ?
- കുടുംബശ്രീ സി.ഡി.എസ്. അക്കൗണ്ടന്റിന്റെ ഉത്തരവാദിത്വങ്ങൾ ?
- അയൽക്കൂട്ടതലത്തിൽ വരെ വിവിധ പ്രവർത്തനങ്ങളൂം വിവരങ്ങളും എങ്ങനെ ഫലപ്രദമായി എത്തിക്കാം ?
- സി.ഡി.എസിനെ സ്വയം പര്യാപ്ത സി.ഡി.എസ്സായി എങ്ങനെ മാറ്റാം ?